## 14 -ാം കേരള നിയമസഭ

## 22 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2258** **20-01-2021 - ൽ മറുപടിയ്ക്ക്**

## ഓണക്കിറ്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പാറക്കൽ അബ്ദുല്ല | | Shri P. Thilothaman<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) | |
| (എ) | സർക്കാരിന്റെ ഓണക്കിറ്റിലെ ശർക്കരക്ക് ഗുണനിലവാരമില്ലെന്നും തൂക്കത്തിൽ കൃത്രിമം ഉണ്ടെന്നുമുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൂക്ക കുറവുള്ള ശർക്കര സപ്ലൈയറുടെ ചിലവിൽ തൂക്കം കൃത്യമാക്കി റീപാക്ക് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. ഗുണനിലവാര വ്യതിയാനം കണ്ടെത്തിയ ഉടൻ തന്നെ സ്റ്റോക്ക് പിൻവലിക്കുന്നതിനും പരിശോധനകൾ കൂടുതൽ കർശനമാക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിച്ചു. |
| (ബി) | ഇതിനു പുറമേ ശർക്കരയിൽ നിന്ന് ചത്ത പാറ്റയുടെയും തവളയുടെയും അവശിഷ്ടങ്ങളും കൂടാതെ ജനങ്ങൾക്ക് അറപ്പും വെറുപ്പും ഉണ്ടാക്കുന്ന ചില വസ്തുക്കളും കണ്ടെത്തിയതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | ഇത്തരത്തിലുള്ള റിപ്പോർട്ടുകൾ സോഷ്യൽ മീഡിയയിൽ ധാരാളം ഉണ്ടായിരുന്നെങ്കിലും സപ്ലൈകോയിൽ പരാതി ലഭിച്ചത് കൊയിലാണ്ടി ഡിപ്പോയുടെ കീഴിലുള്ള ഉള്ളേരി സൂപ്പർ മാർക്കറ്റിൽ നിന്നും വിതരണം ചെയ്ത കിറ്റിൽ പാൻപരാഗിന്റെ കവർ കണ്ടെത്തിയത് മാത്രമാണ്. ഈ പരാതിക്കാരന് ശർക്കര മാറ്റി നല്കിയിട്ടുണ്ട്. |
| (സി) | എങ്കിൽ ഇതു സംബന്ധമായി സർക്കാർ ഏതുതലത്തിലുള്ള അന്വേഷണമാണ് നടത്തിയത്; അന്വേഷണത്തിൽ കണ്ടെത്തിയ വസ്തുതകൾ എന്തൊക്കെ; വിശദാംശങ്ങൾ നൽകുമോ? | (സി) | ഭക്ഷ്യ കിറ്റിലെ സാധനങ്ങളുടെ ഗുണനിലവാര വ്യതിയാനം സംബന്ധിച്ച് സപ്ലൈകോ തന്നെ അന്വേഷിക്കുകയും പരിഹാര നടപടികൾ സ്വീകരിക്കുകയുമാണ് ചെയ്തത്. ഭക്ഷ്യ കിറ്റിൽ ഉൾപ്പെടുത്തുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനും വ്യവസ്ഥകൾക്കു വിരുദ്ധമായി നിലവാരം കുറഞ്ഞ സാധനങ്ങൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾക്കും ഏജൻസികൾക്കുമെതിരെ നടപടി സ്വീകരിക്കുവാനും സപ്ലൈകോയ്ക്ക് നിർദ്ദേശം നല്കിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ